## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3137** **19/06/2018 ൽ** മറുപടിക്ക്

### ഭക്ഷ്യ വസ്തുക്കളിൽ മായം/വിഷാംശം കലർന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | ഭക്ഷണങ്ങളിലും ഭക്ഷ്യവസ്തുക്കളിലും മായം കലർന്നതും വിഷാംശം കലർന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ 2016 ജനുവരി മുതൽ തദ്ദേശ സ്വയം ഭരണ വകുപ്പിലെ (പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ) ഹെൽത്ത് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം 2011 ൽ നിലവിൽ വന്നതോട്ട കൂടി ഭക്ഷ്യ വസ്തുക്കളിൽ മായം കലർന്നതുമായി ബന്ധപ്പെട്ടുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. നഗരസഭകളിലെ ഹെൽത്ത് വിഭാഗം ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നില്ല. |
| ബി) | ഓരോ സ്ഥാപനത്തിന്റെയും പേര് വിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; | ബി) ചോദ്യം ഉദിക്കുന്നില്ല. |
| സി) | ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ, സ്നാക്ക് പാർലറുകൾ എന്നിവയിൽ മായം കലർന്ന ഭക്ഷ്യ വസ്തുക്കൾ കണ്ടെത്തുവാൻ തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഹെൽത്ത് വിഭാഗത്തിന് എന്തൊക്കെ സംവിധാനം നിലവിലുണ്ട്; വ്യക്തമാക്കുമോ? | സി) 2011 ൽ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതോട്ടുകൂടി ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളിലെ ശുചിത്വനിലവാരവും, പഴകിയ ഭക്ഷണ സാധനങ്ങളുടെ വില്പന എന്നിവ പരിശോധിക്കാൻ മാത്രമാണ് നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന് അധികാരമുള്ളത്. മായം കലർന്ന ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുന്നതിനുള്ള ചുമതല ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. നഗരസഭാ ഹെൽത്ത് വിഭാഗത്തിൽ മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ ഒന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ